**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4948** **01-11-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി.മുതൽ ഉന്നത വിദ്യാഭ്യാസം വരെ നേടിയ തൊഴിൽരഹിതരായ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ പുരുഷന്മാർ എത്രയെന്നും സ്ത്രീകൾ എത്രയെന്നും വ്യക്തമാക്കുമോ; | (എ) | 2021 ഒക്ടോബർ 25 വരെ സംസ്ഥാനത്ത് എസ്.എസ്.എൽ.സി മുതൽ ഉന്നത വിദ്യാഭ്യാസം വരെ നേടിയ തൊഴിൽരഹിതരായ 34,82,199 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ 12,96,549 പുരുഷന്മാരും 21,85,628 സ്ത്രീകളും 22 മറ്റുള്ളവരുമാണ്. |
| (ബി) | മേൽപ്പറഞ്ഞവരിൽ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, പ്രൊഫഷണൽ (ഇനം തിരിച്ച്), ഡിഗ്രി, പി.ജി., പി.എച്ച്.ഡി. യോഗ്യതകളുള്ളവർ എത്ര വീതമുണ്ടെന്ന അറിയിക്കുമോ ;അതിൽ സ്ത്രീകളും പുരുഷന്മാരും എത്ര വീതമെന്നും വ്യക്തമാക്കുമോ; | (ബി) | 2021 ഒക്ടോബർ 25 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, പ്രൊഫഷണൽ (ഇനം തിരിച്ച്), ഡിഗ്രി, പി.ജി, പി.എച്ച്.ഡി യോഗ്യതയുള്ളവരുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത തൊഴിലന്വേഷകരുടെ എണ്ണം ഏറ്റവും കൂടുതലും കുറവും ഏത് ജില്ലകളിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) | 2021ഒക്ടോബർ 25 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ തൊഴിലന്വേഷകരുടെ എണ്ണം ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. |
| (ഡി) | എറണാകുളം ജില്ലയിൽ എത്രപേരുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | 2021ഒക്ടോബർ 25 വരെ എറണാകുളം ജില്ലയിൽ ആകെ 340893 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ 129624 പുരുഷന്മാരും 211266 സ്ത്രീകളും 3 മറ്റുള്ളവരുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വിദ്യാഭ്യാസ യോഗ്യത | പുരുഷൻമാർ | സ്ത്രീകൾ | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| എസ്.എസ്.എൽ.സി. | 12,96,549 | 21,85,628 | 22 | **34,82,199** |
| ഹയർസെക്കൻററി | 5,29,989 | 12,56,964 | 7 | **17,86,960** |
| ഡിഗ്രി | 1,38,626 | 5,47,931 | 4 | **6,86,561** |
| **പ്രൊഫഷണൽ (ഇനം തിരിച്ച്)** | | | | |
| മെഡിക്കൽ | 1,883 | 9,220 | 0 | **11,103** |
| എഞ്ചിനീയറിംഗ് | 25,430 | 31,110 | 0 | **56,540** |
| ബി.എസ്.സി. (അഗ്രിക്കൾച്ചർ) | 335 | 1,198 | 0 | 1,533 |
| വെറ്ററിനറി | 371 | 485 | 0 | **856** |
| ബിഫാം | 542 | 3,025 | 0 | **3,567** |
| എം.സി.എ. | 1,072 | 3,633 | 0 | **4,705** |
| എം.ബി.എ. | 3,749 | 4,990 | 0 | **8,739** |
| ബി.എസ്.സി. (നഴ്സിംങ്) | 1,557 | 21,676 | 0 | **23,233** |
| പി.ജി. | 20,800 | 86,679 | 3 | 1,07,482 |
| പി.എച്ച്.ഡി | 120 | 296 | 0 | **416** |

Kavitha I

**സെക്ഷൻ ഓഫീസർ**